# പാരിസ്ഥിതിക ആഘാത നിർണ്ണയം – ഒരു പഠന സഹായി

ഡോ. ഷാജു തോമസ്

ഗ്രന്ഥകർത്താവ് - ഡോ. സണ്ണി ജോർജ്ജ്
വിവർത്തനം : പി.എസ്. ഗോപിനാഥൻ നായർ
പ്രസിദ്ധീകരണം :
സേവ് എ ഫാമിലി പ്ലാൻ - ഇൻഡ്യ
പാറപ്പുറം - 683 593



പ്രകൃതിവിഭവങ്ങളുടെ ശീഘ്രഗതിയിലുള്ള ശോഷണവും, പ്രകൃതിമലിനീകരണത്തിന്റെ ദുരന്തങ്ങളും മനുഷ്യരാശി തിരിച്ചറിഞ്ഞു തുടങ്ങിയത് 1950 കൾക്ക് ശേഷമാണ്. 1962-ൽ പ്രസിദ്ധീകൃതമായ ഡോ. റേച്ചൽ കഴ്സന്റെ 'നിശ്ശബ്ദ അരുവി' എന്ന കൃതി മലിനീകരണത്തിന്റെ ദൂരവ്യാപകമായ കെടുതികളെക്കുറിച്ചും, വരാനിരിക്കുന്ന ആപത്തുകളെക്കുറിച്ചും മുന്നറിയിപ്പു നൽകുകയുണ്ടായി. പ്രകൃതിയുടെമേൽ മനുഷ്യൻ നടത്തുന്ന അതിക്രമങ്ങളെക്കുറിച്ച് ഒരു പുനർവിചിന്തനത്തിന് ഇത് നിമിത്തമായി.

വികസനമെന്നത് പ്രകൃതി നശീകരണമല്ലെന്നും, വികസനവും – പരിസ്ഥിതിയും ഒരു നാണയത്തിന്റെ തന്നെ ഇരുപുറങ്ങളാണെന്നുമുള്ള വിവേകപൂർണ്ണമായ ഒരു പുത്തൻ കാഴ്ചപ്പാടും ക്രമേണ ഉരുത്തിരിഞ്ഞു. വികസനം പാരിസ്ഥിതികമായ ഗുണമേന്മ നശിപ്പിച്ചാൽ അതിന്റെ ദുരന്തം പേറേണ്ടതും മനുഷ്യസമൂഹം തന്നെയാണെന്ന് 'നമ്മുടെ പൊതുഭാവി' എന്ന പുസ്തകത്തിലൂടെ 1986-ൽ ബ്രണ്ട്ലാന്റ് കമ്മീഷനും വ്യക്തമാക്കി.

ഇത്തരുണത്തിലാണ് ഒരു പുത്തൻ വികസന പരിപ്രേക്ഷ്യം രൂപം കൊണ്ടത്. സുസ്ഥിര വികസനം, അതല്ലെങ്കിൽ സ്ഥായിയായ, നിലനിൽക്കുന്ന വികസനമാണ് മനുഷ്യസമൂഹത്തിന്റെ ആരോഗ്യപൂർണ്ണമായ ഭാവിക്ക് അനുയോജ്യമായതെന്നും ബ്രണ്ട്ലാന്റ് കമ്മീഷൻ സമർത്ഥിച്ചു. ഇത് എപ്രകാരം സാധിക്കുമെന്നായി അടുത്ത ചിന്ത. വികസന പ്രവർത്തനങ്ങളുടെ 'ലാഭ-നഷ്ടങ്ങൾ' സാമ്പത്തിക അളവുകോൽ കൊണ്ട് വകയിരുത്തുന്ന ഒരു സമീപനം നേരത്തെ മുതൽ ഉണ്ടായിരുന്നെങ്കിലും, പാരിസ്ഥിതികമായ ആഘാതങ്ങളെ ആരും പരിഗണിച്ചിരുന്നില്ല. എന്നാൽ, മേൽപ്പറഞ്ഞ തരത്തിലുള്ള തിരിച്ചറിവുകൾ ഒരു പുതിയ സമീപനത്തിന് തുടക്കമിട്ടു. അതിലൊന്നാണ് 'പാരിസ്ഥിതിക ആഘാത നിർണ്ണയം' അഥവാ എൻവിറോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് (EIA).

ഒരു പദ്ധതി, അത് ചെറുതോ, വലുതോ ആവട്ടെ; അത് തുടങ്ങുന്നതിനുമുമ്പും, നിർവ്വഹണ സമയത്തും, അതിനുശേഷവും ഉളവാക്കുന്ന പാരിസ്ഥിതികമായ ആഘാതങ്ങളെ വസ്തുനിഷ്ഠമായും, സമഗ്രമായും നിർണ്ണയിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമമാണ് 'EIA' യുടെ കാതൽ. ഒരു പദ്ധതിയുടെ സാമൂഹ്യവും, സാമ്പത്തികവും, പാരിസ്ഥിതികവുമായ മാനങ്ങൾ എന്ന് പറയുമ്പോൾ, അത് നിർണ്ണയിക്കണമെങ്കിൽ അതാത് മേഖലകളിൽ പ്രാഗത്ഭ്യമുള്ളവരുടെ ഒരു ടീം തന്നെ വേണ്ടിവരും. വലിയ പദ്ധതികളുടെ പാരിസ്ഥിതിക ആഘാത നിർണ്ണയം വളരെ ബൃഹത്തായ ഒരു പരിപാടിയാണുതാനും. ജലം, വായു, മണ്ണ്, പ്രകൃതി എന്നു വേണ്ട സർവ്വ പാരിസ്ഥിതിക ഘടകങ്ങളെയും വിശദമായി പരിശോധിച്ച് ഹ്രസ്വ-ദീർഘകാല ആഘാതം വിലയിരുത്തുക എന്നത് ശ്രമകരംതന്നെ. ഉദാഹരണത്തിന് ഒരു വൻകിട ജലവൈദ്യുത പദ്ധതി തന്നെ.

എന്നാൽ, ഡോ. സണ്ണി ജോർജ്ജിന്റെ പുസ്തകം പാരിസ്ഥിതിക ആഘാത നിർണ്ണയത്തെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിന് ഉതകുന്ന വിധത്തിലാണ് രചിച്ചിരിക്കുന്നത്. പതിനൊന്ന് അദ്ധ്യായങ്ങളിലൂടെ, നൂറു പേജുകളിലായി, ആർക്കും വായിച്ച് ഗ്രഹിച്ചു പോകാവുന്ന രീതിയിലാണ് പാരിസ്ഥിതിക ആഘാത നിർണ്ണയത്തിനുള്ള ഒരു പഠന സഹായിയായി ഈ പുസ്തകം ക്രമപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ യാഥാർത്ഥ്യങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട് ഇവിടത്തെ വികസനപ്രക്രിയയിൽ, പ്രത്യേകിച്ചും വികേന്ദ്രീകൃത ആസൂത്രണത്തിൽ, പാരിസ്ഥിതിക ആഘാത നിർണ്ണയത്തിന്റെ പ്രസക്തി വ്യക്തമാക്കിക്കൊണ്ടാണ് പുസ്തകം ആരംഭിക്കുന്നത്.

EIA കൊണ്ടുള്ള പ്രയോജനങ്ങളും EIA റിപ്പോർട്ടിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനുവേണ്ട നടപടികളും, പാരിസ്ഥിതിക പ്രശ്നങ്ങളെ എങ്ങനെ സമീപിക്കണമെന്ന സൂചനകളും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഒരു EIA മാതൃക അവതരിപ്പിച്ചുകൊണ്ട്, ചെറുനിർമ്മാണ പ്രവർത്തനങ്ങളുടെ EIA റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ചെക്ക് ലിസ്റ്റുകൾ വിശകലനം ചെയ്തുകൊണ്ടാണ് പുസ്തകം സമാപിക്കുന്നത്.

അക്ഷരാഭ്യാസമുള്ള ആർക്കും വായിച്ചു മനസ്സിലാക്കി, പ്രവർത്തനപഥത്തിലെത്തിക്കുന്നതിനു തക്ക രീതിയിൽ രചിച്ചിരിക്കുന്ന ഈ പുസ്തകം കേരളത്തിന്റെ വികസന പ്രക്രിയ്ക്ക് ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല. നമ്മുടെ ആസൂത്രണ വിദഗ്ദ്ധരും, ത്രിതല പഞ്ചായത്ത് അംഗങ്ങളും, വികസനത്തിലും – പരിസ്ഥിതിയിലും താൽപ്പര്യമുള്ള ഏവരും ഈ പുസ്തകം വായിക്കുകയും അതിന്റെ സത്ത ഉൾക്കൊള്ളുകയും അത് പ്രവൃത്തിപഥത്തിലെത്തിക്കുകയും ചെയ്യണം.

ഇത്തരത്തിലുള്ള ഒരു പുസ്തകം രചിക്കുന്നതിനു തയ്യാറായ ഡോ. സണ്ണി ജോർജ്ജും, അതിന്റെ പരിഭാഷ അയത്നലളിതമായി നിർവഹിച്ച ശ്രീ. പി.എസ്. ഗോപിനാഥൻ നായരും അത് ഭംഗിയായി പ്രസിദ്ധീകരിച്ച സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയും അനുമോദനമർഹിക്കുന്നു. ഇതിന്റെ ഫലപ്രാപ്തി നൂറുശതമാനം സാക്ഷരരെന്ന് അഭിമാനിക്കുന്ന കേരളീയന്റെ കരങ്ങളിലാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ?

BYWORD
BOOKS
FOR RARE AND NEW BOOKS
MARVA PLAZA MACHINGAL LANE, M G ROAD, THRISSUR 680 001.
MOBILE : 9847764577